**ANIL K. P.**
PRIVATE SECRETARY TO MINISTER
FOR LSGD, MINORITY WELFARE
WAKF & HAJJ
KERALA

IVth Floor, Annexe-I
Government Secretariat
Thiruvananthapuram-695 001

Phone: Office : 0471-2327796
Mobile : 9447845696

Date 28.12.2016

# പത്രക്കുറിപ്പ്

2016-17 വർഷത്തെ വാർഷികപദ്ധതി ഭേദഗതി ചെയ്യാനുള്ള അനുമതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ വികേന്ദ്രീകൃതാസൂത്രണ ത്തിനുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനിച്ചു. ഇതു പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ടുകളിൽ അവശ്യമായ ഭേദഗതി വരുത്താവുന്നതാണ്. താഴെന്നവയ്ക്കാണ് ഭേദഗതികൾ ബാധകമാക്കിയിട്ടുള്ളത്.

1. തദ്ദേശമിത്രം പദ്ധതി.
2. പദ്ധതി അംഗീകാരം ലഭിച്ചതിനുശേഷം അധികമായി വന്ന സേവിംഗ്സ് തുക ഉപയോഗിച്ചുള്ള പദ്ധതികൾ.
3. മഴവെള്ള സംഭരണം, കിണർ റീചാർജിംഗ്, വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് ഏറ്റെടുക്കുന്ന പദ്ധതികൾ.
4. വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നതും എന്നാൽ മറ്റ് ഫണ്ടുകൾ ഉപയോഗിച്ച് നടപ്പാക്കിയതുമായ പ്രോജക്ടുകൾ.
5. ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്ത എസ്.സി./എസ്.ടി., ഗ്രൗണ്ട് വാട്ടർ വകുപ്പ് തുടങ്ങിയവയുടെ പ്രോജക്ടുകൾ.
6. പി.എം.എ.വൈ/ഐ.എ.വൈ. പദ്ധതികൾക്ക് വേണ്ടി തുക കണ്ടെത്തുന്നതിന്.

തനതു ഫണ്ടിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പകരം വികസനഫണ്ട്/ വേൾഡ് ബാങ്ക് വിഹിതം തുടങ്ങിയവ ഉപയോഗിക്കുന്നതിനായി ഭേദഗതി പാടില്ല. ഭേദഗതി പാടില്ലാത്ത സ്പിൽ ഓവർ പ്രോജക്ടുകളിൽ ഇനി ഭേദഗതി അനുവദിക്കുന്നതല്ല. കൂടാതെ സ്പിൽ ഓവർ പ്രോജക്ടുകൾ ഒഴിവാക്കി പുതിയവ എടുക്കാൻ അനുവദിക്കു ന്നതല്ല.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി വീട് വയറിംഗ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിലവിൽ നൽകിവരുന്ന വിഹിതമായ 2000/- രൂപ, 5000/- രൂപയായി ഉയർത്താൻ തീരുമാനിച്ചു.

കെ.പി.അനിൽ